പ്രമോഷൻ.

*1128. [56] ശ്രീ. കെ ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഹരിജൻ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അണ്ടർഗ്രാഡുവേറ്റുകളുടെ പരീക്ഷയെ പരിഗണിക്കാതെ സർവ്വീസിനെ പരിഗണിച്ച് പ്രമോഷനും മറ്റും നൽകുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

യോഗ്യതയ്ക്ക് അനുസരിച്ചുള്ള വിവിധ പ്രോത്സാഹനങ്ങളും ഹരിജൻ ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്നുണ്ട്. സർവ്വീസ് നെമാത്രം പരിഗണിച്ച് പ്രമോഷൻ കൊടുക്കുവാൻ സാദ്ധ്യമല്ല.

തിരിച്ചെടുക്കപ്പെട്ട ഭൂമികൾ.

*1129. [57] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിവിഷനിൽ എസ്റ്റേറ്റുകളിൽനിന്നും മലപ്രദേശങ്ങളിൽനിന്നും ഭൂമി ഗവണ്മെന്റ് തിരിച്ചെടുത്തിട്ടുണ്ടോ; എവിടെയെല്ലാം; ഓരോ സ്ഥലത്തും എത്ര ഏക്കർ വീതം;

(ബി) ഈ സ്ഥലങ്ങൾ കാളനൈസേഷൻ ആൻഡ് സെറ്റിൽമെന്റ് സ്കീമുകൾക്കായി തിരിച്ചുകൊടുക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) കൊല്ലം ഡിവിഷനിൽനിന്നും കൃഷിക്കു കൊടുത്തിട്ടുള്ള വനംഭൂമി തിരിച്ചെടുത്തിട്ടില്ല. എന്നാൽ കൊല്ലം താലൂക്കിൽ മീനാട് പകുതിയിൽ 36 ഏക്കർ സ്ഥലം കാളനൈസേഷൻ പദ്ധതിക്കായി വിട്ടുകൊടുത്തിട്ടുണ്ട്. കൂടാതെ പത്തനാപുരം വില്ലേജിൽ മലയാളം പ്ലാന്റേഷന്റെ കൈവശമിരുന്ന 1 ഏക്കർ 84 സെന്റ് സ്ഥലം തെന്മല പ്രൈമറി സ്കൂളിന്റെയും തെന്മല ഡിപ്പോയുടെയും ആവശ്യങ്ങൾക്കായി തിരിച്ചെടുത്തിട്ടുണ്ട്.

(ബി) മൂന്നുത്തരത്തിന്റെ വെളിച്ചത്തിൽ പ്രത്യേകം ഉത്തരം ആവശ്യമില്ല.

എം. എൽ. എ. മാരുടെ നിവേദനം.

*1130. [58] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേശീയോദ്ഗ്രഥന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള അഹരിജൻ സ്ഥാനികളുടെ അവശതാപരിഹാരം ഉന്നയിച്ചുകൊണ്ട് എം. എൽ. എ. മാർ കൊടുത്തുവച്ച് ഒരു നിവേദനം മന്ത്രിസഭയ്ക്കു കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടി നിവേദനത്തിൽ അവർ ആവശ്യപ്പെട്ടിട്ടുള്ള സംഗതികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി ഇതിനകം മന്ത്രിസഭ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പട്ടികജാതിക്കാർക്ക് എന്തെങ്കിലും കൊല്ലത്തേയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സൗജന്യങ്ങൾ തിരുവിതാംകൂർ–കൊച്ചിയിലെ അവശക്രിസ്ത്യാനികൾക്കുകൂടി അനുവദിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) ഇല്ല, ഇതേപ്പറ്റി ആലോചിച്ചുവരുന്നു.

കുടിശ്ശിക ബില്ലുകൾ.

* 1131. [60] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾസ് ഫൈനൽ ബില്ലുകൾ എത്രയുണ്ട്;

(ബി) 1952-നു ശേഷമുള്ള കുടിശ്ശികബില്ലുകൾ കിട്ടാനുള്ളവയായി ഇതിൽ എത്രയെണ്ണമുണ്ട്;

(സി) ഈ സ്കൂളുകൾക്കെല്ലാം കുടിശ്ശിക ബില്ലുകൾ കിട്ടാനുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ കാര്യത്തിൽ പുറപ്പെടുവിച്ച ഉടനടി ഒരു അന്വേഷണം നടത്താമോ?

മുഖ്യമന്ത്രി (ശ്രീ. പറവൂർ ടി. ഗോവിന്ദമേനോൻ):

(എ) 88.

(ബി) 73.

(സി) ഉണ്ട്.

(ഡി) ഇക്കാര്യത്തിൽ വേണ്ട സത്വര നടപടികൾ നടന്നുവരുന്നുണ്ട്.

കാളനൈസേഷൻ സ്കീം.

* 1132. [61] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളനൈസേഷൻ സ്കീം അനുസരിച്ച് തിരുവിതാംകൂർ–കൊച്ചിയിൽ എല്ലാ സ്ഥലങ്ങളിൽ കാളനികൾ സ്ഥാപിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) നെടുമങ്ങാട് താലൂക്കിൽ ഏതെങ്കിലും സ്ഥലത്ത് കാളനൈസേഷൻപ്രകാരം അനുസരിച്ച് കാളനി സ്ഥാപിക്കണമെന്ന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) നെടുമങ്ങാട്താലൂക്കിൽ വലിയമല റിസർവ്വിൽ ഒരു കാളനി സ്ഥാപിക്കണമെന്ന് കുറവർ ഗ്രാമോദ്ധാരണ സഹകരണസംഘം (നമ്പർ 2512) ൽനിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly